"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസ് നവീകരിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(സാധാ) നം.1139/2023/SCSTD തീയതി,തിരുവനന്തപുരം, 15-09-2023

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 11-04-2023 ലെ SCDD/834/2022-B2(ESTT B) നമ്പർ കത്ത്

<u>ഉത്തരവ്</u>

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ മുറികൾ, സ്റ്റോർ റൂം എന്നിവ നവീകരിക്കുന്നതിനായി ഇടുക്കി ജില്ലാ നിർമിതി കേന്ദ്രം മുഖേന ലഭ്യമാക്കിയ 24,37,500/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടി തുക 2225-01-001-94-34(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണണമെന്ന് പരാമർശിത കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) മേൽ സാഹചര്യത്തിൽ, പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ മുറികൾ, സ്റ്റോർ റൂം എന്നിവ നവീകരിക്കുന്നതിനായി 24,37,500/- രൂപ(ഇരുപത്തിയേഴ് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) 2225-01-001-94-34(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M SASIDHARAN
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം,
ഡയറക്ടർ, ട്രഷറീസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ് സെക്ടർ ആഡിറ്റ്/എ&ഇ സെക്ടർ), കേരള, തിരുവനന്തപുരം,
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), ഐ&പി.ആർ.ഡി,
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ